3119
9/2/18

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ഫയൽ ചെയ്ത റ്റി.എ.3545/12 ലെ 09.08.2017 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.59/2018/വനം തീയതി, തിരുവനന്തപുരം, 03.02.2018.

പരാമർശം:- 1) 17.06.2014 ലെ സ.ഉ.(സാധാ) നം.273/2014/വനം ഉത്തരവ്

2) 28.08.2014 ലെ ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) സമർപ്പിച്ച റിവ്യൂ ഹർജി

3) 09.06.2015 ലെ സ.ഉ.(സാധാ) നം.254/2015/വനം ഉത്തരവ്

4) ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ഫയൽ ചെയ്ത റ്റി.എ.3545/12 (WP(C) 29716/2011) നമ്പർ കേസിലെ 09.08.2017 ലെ വിധിന്യായം

## ഉത്തരവ്

മറയൂരിൽ 30.08.1995, 28.02.1996 കാലഘട്ടത്തിൽ നടന്ന ചന്ദനത്തടി ലേലത്തിലെ വിൽപ്പന നികുതി ഈടാക്കുന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അന്നത്തെ മറയൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (റിട്ട)നെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും കെ.എസ്.ആർ.ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം സർക്കാർ നഷ്ടമായ 1,14,773/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2) പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി പരാമർശം (3) പ്രകാരം നിരസിച്ച് ഉത്തരവാകുകയുണ്ടായി. തുടർന്ന് സർക്കാർ നഷ്ടം ഈടാക്കുന്നതിനെതിരെ ശ്രീ.വി.വിജയശങ്കർ ഫയൽ ചെയ്ത റ്റി.എ.3545/12 (WP(C) 29716/2011) നമ്പർ കേസിലെ പരാമർശം (4) ലെ വിധി അനുസരിച്ച് പരാമർശം (1) റദ്ദ് ചെയ്യുകയും ടിയാന്റെ തടഞ്ഞുവച്ചിരിക്കുന്ന ഡി.സി.ആർ.ജി തുക 9% പലിശ സഹിതം വിട്ടു നൽകുന്നതിനും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 09.08.2017 ലെ റ്റി.എ.3545/12 കേസിലെ കോടതി ഉത്തരവ് നടപ്പിലാക്കി ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (റിട്ട)ന്റെ തടഞ്ഞു വച്ചിരിക്കുന്ന ഡി.സി.ആർ.ജി.തുക 9% പലിശ സഹിതം വിട്ടു നൽകുന്നതിന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർനടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.വി.വിജയശങ്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ